കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണം

9 [11] *ശ്രീ. ജി. കാർത്തികേയൻ:*

„ *ജി. പ്രതാപവർമ്മ തമ്പാൻ:*

„ *ഇ. എം. അഗസ്തി:*

„ *പ്രയാർ ഗോപാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കേന്ദ്രാവിഷ്കൃത പദ്ധതിക്ക് ചെലവഴിക്കുവാൻ ഉദ്ദേശിച്ച തുകയെത്ര;

(ബി) ഈ തുക ചെലവഴിച്ച് എന്തെല്ലാം നേട്ടങ്ങൾ നേടണമെന്നായിരുന്നു പ്രതീക്ഷിച്ചിരുന്നത്;

(സി) കേന്ദ്രാവിഷ്കൃത പദ്ധതിക്കുവേണ്ടി ഈ വർഷത്തേക്ക് നീക്കിവച്ച തുകയിൽ എന്തു തുക ചെലവാക്കി;

(ഡി) ഇതുവരെ ഈ ചെലവുകൊണ്ട് പദ്ധതിയുടെ ഫിസിക്കൽ ടാർജറ്റിന്റെ എത്ര ശതമാനം നേടാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ വർഷം കേന്ദ്രാവിഷ്കൃത പദ്ധതിക്ക് 784.16 കോടി രൂപ കേന്ദ്ര സഹായവും, 200 കോടി രൂപ സംസ്ഥാനവിഹിതവുമാണ് ചെലവഴിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾ കൂടുതലും ദാരിദ്ര്യനിർമ്മാർജ്ജനത്തിനായിട്ടുള്ളതാണ്. ഇതിനുംപുറമേ സ്വയംതൊഴിൽ കണ്ടെത്തൽ, അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ, കുടിവെള്ളം ലഭ്യമാക്കൽ, ആരോഗ്യം, പട്ടികജാതി പട്ടിക വർഗ്ഗക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം എന്നീ മേഖലകളിലാണ് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഏറിയ പങ്കും നടപ്പിലാക്കിവരുന്നത്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതിക്കുവേണ്ടി ഈ വർഷം നീക്കിവച്ച തുകയിൽനിന്ന് മേയ് അവസാനംവരെ 57.22 കോടി രൂപ ചെലവാക്കിയിട്ടുള്ളതായിട്ടാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

(ഡി) ഇതു സംബന്ധിച്ച വിവരങ്ങൾ ത്രൈമാസങ്ങളിൽ ശേഖരിക്കുന്നതുകൊണ്ട് ലഭിച്ചുവരുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly